കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്

2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എടി.എസ്.ആർ(പി.8)1738/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ : 0487-2331249
ഇ-മെയിൽ :dotsr.ksad@kerala.gov.in
തീയതി.14.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ്നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1, 2-3 ഭാഗം 3ലെ 3-5, 3-10, 3-17, 3-19 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി8)1738/2018, തിയ്യതി: 14/12/2018

## തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട്

ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 31-03-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സൈമൺ. കെ., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.10.2018 മുതൽ 03-11-2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീശൻ.എൻ. | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി. വിജയശ്രീ.പി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷൈനി കൃഷ്ണദാസ്. ഇ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഇദ്രിസ് അബ്ദുള്ള.എ.സി. | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എ.ഡി.ധനീപ് | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീമതി. കെ.വി. ലത | 01-04-2017 മുതൽ 31-05-2017 വരെ |
| | ശ്രീ. സി.കെ. ബാലകൃഷ്ണൻ (സെക്രട്ടറി ഇൻ ചാർജ്ജ്) | 01-06-2017 മുതൽ 09-07-2017 വരെ |
| | ശ്രീമതി. മിനി.കെ.ആർ | 10-07-2017 മുതൽ 31-03-2018 വരെ |
| | <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സരസ്വതി. വി.എസ്. | 01-04-2017 മുതൽ 28-09-2017 വരെ |
| | | 29-09-17 മുതൽ 06-10-17 വരെ ഒഴിവ് |
| | ശ്രീമതി. ആര്യ.വി.ബി. | 07-10-2017 മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സിന്ധു. കെ | 01-04-2017 മുതൽ 20-09-2017 F.N വരെ |
| | ശ്രീ. ജോർജ്ജ്. ടി. അബ്രഹാം (ഇൻ ചാർജ്ജ്) | 20-09-2017 A.N മുതൽ 26-10-2017 F.N വരെ |

| | | |
|---|---|---|
| | ശ്രീമതി. ആൻസി.യൂ.എ. | 26-10-2017 A.N മുതൽ 31-03-2018 വരെ |
| വി.ഇ.ഒ (തൃപ്പറ്റ് സർക്കിൾ) | ശ്രീ. രതീഷ്. ആർ | 01-042017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ., അണ്ടത്തോട് | ശ്രീമതി. ലിജി. ഇ.വി. | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. (പുന്നയൂർക്കുളം സർക്കിൾ) | ശ്രീ. രതീഷ്.ആർ. | 02-02-2018 മുതൽ 31-03-2018 വരെ |
| | ശ്രീമതി. ലിജി.ഇ.വി. | 01-04-17 മുതൽ 01-02-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. റീന ജോൺ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ടി.എസ്. മണികണ്ഠൻ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. റഷീദ്.എ.റ്റി. | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ശാന്ത.ടി.എസ്. | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ശങ്കരനാരായണൻ.സി. | 01-04-2017 മുതൽ |

| | | |
|---|---|---|
| | | 31-05-2017 വരെ |
| | ശ്രീ. സി.കെ.ബാലകൃഷ്ണൻ | 01-06-2017 മുതൽ 31-03-2018 വരെ |
| പ്രധാന അദ്ധ്യാപിക | ശ്രീമതി. ഗിരിജ.ടി.എ | 01-04-2017 മുതൽ 31-03-2018 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.ലിസി.ടി.വി. | 01-4-17 മുതൽ 31-5-17 വരെ |
| | ശ്രീമതി. ഫാത്തിമ.പി.എ. | 01-06-17 മുതൽ 16-08-17 വരെ |
| | ശ്രീമതി. മഞ്ജു.എസ്. | 17-08-17 മുതൽ 22-08-17 വരെ |
| | ശ്രീമതി. ഫാത്തിമ.പി.എ. | 23-08-17 മുതൽ 16-09-17 വരെ |
| | ശ്രീമതി. ഷാല്യ.കെ.ഡി. | 17-09-17 മുതൽ 22-09-17 വരെ |
| | ശ്രീമതി. ഫാത്തിമ.പി.എ. | 23-09-17 മുതൽ 16-02-18 വരെ |
| | ഡോ. സിനി വിൽസൻ | 17-02-18 മുതൽ 31-03-18 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി (പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരം പ്രകാരം) | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ബജറ്റ് | 2-1 |
| 14 | വസ്തു നികുതി - സാംഖ്യ- സഞ്ചയ സംയോജനം - അവലോകനം | 2-2 |
| 15 | ഭവനനിധി രൂപീകരിച്ചിട്ടില്ല | 2-3 |
| 16 | ടെണ്ടർ വിൽപ്പന - ഇ ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല | 2-4 |
| 17 | രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകതകൾ | 2-5 |
| 18 | അക്കൗണ്ട്സ് ചട്ടങ്ങൾ പാലിക്കുന്നില്ല | 2-6 |
| 19 | ലൈസൻസിലാതെ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ-ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നടപ്പിലാക്കിയിട്ടില്ല | 2-7 |
| 20 | ഡി&ഒ ലൈസൻസ് – മോട്ടോർ റണ്ണിങ്ങ് ഫീ കുറവ് ഈടാക്കി | 2-8 |
| | ഭാഗം 3 | |
| 21 | വിവിധ കമ്മിറ്റികളുടെ പ്രവർത്തനത്തിലെ അപാകതകൾ | 3-1 |

| | | |
|---|---|---|
| 22 | റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല | 3-2 |
| 23 | ഭാഗികമായി റോഡ് പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു | 3-3 |
| 24 | കുടിവെള്ള പദ്ധതികൾ - അപാകതകൾ | 3-4 |
| 25 | ധനകാര്യകമ്മീഷൻ ഗ്രാന്റ് അനുമതിയില്ലാത്ത മേഖലകളിൽ ചെലവഴിച്ചു | 3-5 |
| 26 | ടാറിന്റെ വില – പെട്രോളിയം കമ്പനിയിൽ അടവാക്കിയ തുകയും, ലഭ്യമായ ടാറിന്റെ വിലയും പൊരുത്തപ്പെടുന്നില്ല | 3-6 |
| 27 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ-പൂർത്തീകരിച്ചിട്ടില്ല | 3-7 |
| 28 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-പൂർത്തീകരിക്കാതെ ഉപേക്ഷിക്കപ്പെട്ടു | 3-8 |
| 29 | പോഷകാഹാരപദ്ധതി-അമൃതം ഫുഡ് സപ്ലിമെന്റിന്റെ വില അധികം നൽകി – ചെലവ് നിരാകരിക്കുന്നു | 3-9 |
| 30 | 7-ാം വാർഡിൽ 30-ാം നമ്പർ അംഗൻവാടിക്ക് സ്ഥലം വാങ്ങൽ-പദ്ധതി | 3-10 |
| 31 | അംഗൻവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതാണ് | 3-11 |
| 32 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 3-12 |
| 33 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി., നടപ്പിലാക്കിയ പദ്ധതികൾ | 3-13 |
| 34 | എച്ച്.എം. നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ | 3-14 |
| 35 | മത്സ്യബന്ധന പ്രൊജക്റ്റുകൾ | 3-15 |
| 36 | ഇ.എം.എസ്.ലോൺ തിരിച്ചടവ്-പലിശ പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും അടവാക്കി | 3-16 |
| 37 | ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ ട്രഷറിയിൽ നേരിട്ട് അടവാക്കി | 3-17 |

| | | |
|---|---|---|
| 38 | വനിത വ്യവസായ തൊഴിൽ കേന്ദ്രം - പ്രവർത്തനസജ്ജമാക്കിയിട്ടില്ല | 3-18 |
| 39 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-19 |
| 40 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു | 3-20 |
| | ഭാഗം 4 | |
| 41 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 44 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 45 | സ്ഥിര നിക്ഷേപം | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 48 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 51 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 52 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27-03-2017 തീയതിയിലെ 1 (i)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് ഇല്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 11-06-2018 | --- | ---- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22-06-2018 മുതൽ 23-06-2018 വരെ | കെ.എസ്.എ ടി.എസ്.ആർ(ഇ3)1150/18(64) തീയതി 13-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21482020 |
| വരവ് | 77214662 |
| ആകെ | 98696682 |
| ചെലവ് | 73383647 |
| നീക്കിയിരിപ്പ് | 25313035 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17591069 | 17591069 | 17372789 | 218280 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7377200 | 7377200 | 6781080 | 596120 |
| വികസന ഫണ്ട്-ടി.എസ്.പി. (ACR പ്രകാരം) | 0 | 23990 | 23990 | 0 | 23990 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9262931 | 9262931 | 9262931 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4710583 | 4710583 | 4540015 | 170568 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | 0 | 9219433 | 9219433 | 8886782 | 332651 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1290914 | 1290914 | 1143918 | 146996 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 19234740 | 19234740 | 19234740 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3130 | 1158592 | 1161722 | 1158429 | 3293 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-(ഐ.സി.ഡി.എസ്) | | 1231471 | 863769 | 2095240 | 363074 | 1732166 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ – തൊഴിലില്ലായ്മ വേതനം | | 0 | 74400 | 74400 | 74400 | 0 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | | 0 | 510000 | 510000 | 510000 | 0 |
| നെല്ലുൽപ്പാദന ബോണസ്സ് | | 0 | 276500 | 276500 | 276500 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 6592 | 6405600 | 6412192 | 2298478 | 4113714 |
| | ജില്ലാ പഞ്ചായത്ത് | 160000 | 200000 | 360000 | 0 | 360000 |
| ബി ഫണ്ട് | | 0 | 860900 | 860900 | 860900 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | | 7401410 | 11572000 | 18973410 | 4534781 | 14438629 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7830139 | 10886289 | 18716428 | 13161227 | 5555201 |
| | ട്രഷറി അക്കൗണ്ട് | 7401410 | 11711977 | 19113387 | 4674758 | 14438629 |
| മറ്റിനം:-ജില്ലാ സഹകരണ ബാങ്ക് | | 204809 | 0 | 204809 | 100386 | 104423 |
| എസ്. ബി.ഐ. (ജലനിധി) | | 1215472 | 66207 | 1215472 | 0 | 1281679 |
| സഹകരണ ബാങ്ക് (എം.എൻ. ലക്ഷംവീട്) | | 3596415 | 0 | 3596415 | 1271858 | 2324557 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 88511120 | 125 | 55269735 | 57 | 14 | 64 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

----- ഇല്ല----

## 1-7 തൊഴിലുറപ്പ് പദ്ധതി (പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരം പ്രകാരം)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3130 | 1158592 | 1161722 | 1158429 | 3293 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15874622 | 15874622 | 15874622 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 74400 | 96 |
| കർഷകതൊഴിലാളി പെൻഷൻ | 5767700 | 471 |
| വിധവാപെൻഷൻ | 19466100 | 1599 |
| വാർദ്ധക്യകാല പെൻഷൻ | 18387000 | 1378 |
| വികലാംഗ പെൻഷൻ | 3769400 | 313 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-11-2018-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9253/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലൈഫ് മിഷന് വേണ്ടി ഭവന നിധി രൂപീകരിച്ചിട്ടില്ല. 18-03-2003-ലെ സ.ഉ 92/2003, 2003ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല. പല പദ്ധതികളിലും പർച്ചേയ്സ് ഓർഡർ, കരാറുകൾ, വർക്ക് ഓർഡർ എന്നിവ ചമച്ചുകാണുന്നില്ല. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്. പെൻഷൻ അപേക്ഷ രജിസ്റ്ററുകളിൽ അപേക്ഷ തീർപ്പാക്കിയതു സംബന്ധിച്ച വിവരങ്ങളും, കൂടാതെ എല്ലാ ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകളിലും പഞ്ചായത്തു സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തിക്കൊണ്ടുള്ള സാക്ഷ്യപ്പെടുത്തലും ഇല്ല. അസസ്സ്മെന്റ് രജിസ്റ്ററിൽ നികുതി നിർണ്ണയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വിവരാവകാശ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പലതും മേലുദ്യോഗസ്ഥൻ പരിശോധിച്ച് ഒപ്പുവെക്കുന്നില്ല. പല തീയതികളിൽ ലഭിച്ച വിവരാവകാശ അപേക്ഷകളും തീർപ്പാക്കിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല. ജിവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്ററർ, റണ്ണിംഗ് നോട്ട് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫിസ് ഡയറി എന്നിവ സൂക്ഷിക്കുന്നുണ്ട്. ISO സർട്ടിഫിക്കേഷൻ ലഭിച്ചിട്ടില്ല. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള ഒരുക്കങ്ങൾ നടക്കുന്നു. ഫ്രണ്ട് ഓഫീസിൽ എത്തുന്നവർക്ക് ഇരിപ്പിടം, കുടിവെള്ളം, ടെലിവിഷൻ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്ന അപേക്ഷകളുടെ സ്റ്റാറ്റസ് അറിയുന്നതിന് ടച്ച് സ്ക്രീൻ സൗകര്യം ഏർപ്പാടാക്കിയിട്ടുണ്ട്. നിലവിൽ ഫ്രണ്ട് ഓഫീസിൽ ഹെൽപ് ഡെസ്ക് സംവിധാനം ഇല്ല.

ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. ഗ്രാമസഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ-ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല. ഗ്രാമസഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-10-2018 | സപ്തംബർ 2018 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.3.2014 - 10-03-2014 | 2008-09 മുതൽ 2012-13 വരെ | 20.5.2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11ലെ ₹5,50,12,619 രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

2)ആസ്തികളിന്മേൽ തൻവർഷം ആകെ ₹15,89,170 ഡിപ്രിസിയേഷൻ ചുമത്തിയിട്ടുള്ളതാണ്. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായുള്ള വർക്ക്-ഷീറ്റ്, അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

3)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a)-ൽ ക്യാപ്പിറ്റൽ വർക്കിംഗ് പ്രോഗ്രസായി ₹1,10,299 രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായുള്ള വർക്ക്-ഷീറ്റ്, അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

4)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4-ൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന NREGA, ജലനിധി എന്നീ ശീർഷകങ്ങൾക്ക് ഒഴികെ മറ്റൊന്നിനും പ്രത്യേക ബാങ്ക് അക്കൗണ്ട് ഇല്ലാത്തതാണ്. എന്നാൽ ഈ ശീർകഷങ്ങൾക്കൊന്നും തന്നെ പ്രത്യേകം Appropriation Control Register എഴുതി പരിപാലിച്ചുവരുന്നില്ല ആയതിനാൽ പ്രസ്തുത ശീർഷകങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായില്ല. ജലനിധി (320300102) ശീർഷകത്തിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4ലെ നീക്കിയിരിപ്പ് ₹12,15,472 രൂപയായി, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പുന്നയൂർക്കുളം ശാഖയിൽ ജലനിധിയ്ക്കായി പരിപാലിച്ചുവരുന്ന 5700881322 സേവിങ്ങ്സ് അക്കൗണ്ടിലെ നീക്കിയിരിപ്പ് (ശീർഷകം:4504101104) ₹12,81,679 രൂപയായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിലെ പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്.

5)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7ലെ ഡെപ്പോസിറ്റ് ശീർഷകങ്ങൾക്കെല്ലാം കൂടി പൊതുവായ ഡെപ്പോസിറ്റ് രജിസ്റ്ററാണ് എഴുതി പരിപാലിച്ചുവരുന്നത്. ആയതിനാൽ ഡെപ്പോസിറ്റിന്റെ ഇനം തിരിച്ചുള്ള നീക്കിയിരിപ്പുകളുടെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനായില്ല. ഡെപ്പോസിറ്റ് ശീർഷകങ്ങൾക്ക് ഇനം തിരിച്ചുള്ള പ്രത്യേകം രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7ലെ ഡെപ്പോസിറ്റ് ശീർഷകങ്ങൾക്കെല്ലാം കൂടിയുള്ള നീക്കിയിരിപ്പ് ₹3,90,701 എന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ എഴുതി പരിപാലിച്ചുപോരുന്ന രജിസ്റ്ററിലെ നീക്കിയിരിപ്പ് ₹3,75,701 എന്നതുമാണ്. പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്.

6)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ലെ മുൻകൂർ ശീർഷകങ്ങൾക്കെല്ലാം കൂടി പൊതുവായ അഡ്വാൻസ് രജിസ്റ്ററാണ് എഴുതി പരിപാലിച്ചുവരുന്നത്. ആയതിനാൽ അഡ്വാൻസിന്റെ ഇനം തിരിച്ചുള്ള നീക്കിയിരിപ്പുകളുടെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനായില്ല. അഡ്വാൻസ് ശീർഷകങ്ങൾക്ക് ഇനം തിരിച്ചുള്ള പ്രത്യേകം രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്.അഡ്വാൻസ് ടു അതേഴ്സ് എന്ന ശീർഷകത്തിലെ (460509901) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ലെ നീക്കിയിരിപ്പ് ₹1,32,250 രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ആയത് പരിശോധിക്കുന്നതിനുതകുന്ന രേഖപ്പെടുത്തലുകളുള്ള അഡ്വാൻസ് രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ എഴുതി പരിപാലിച്ചുവരുന്നില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17-ൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന പുന്നയൂർക്കുളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (450230102) നീക്കിയിരിപ്പ് 55,55,201/- എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ആയതിന്റെ ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിക്കുന്നതിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

8)വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. പുന്നയൂർകുളം ഗ്രാമ പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി കണക്കുകളും, സഞ്ചയ പ്രകാരമുള്ള D.C.B.യിലെ കണക്കുകളും താഴെ ചേർക്കുന്നു

| വസ്തുനികുതി തൻവർഷം | | | | |
|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | അഡ്ജസ്റ്റ്മെന്റ് |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 39,07,408 | 33,47,221 | 3357 | - |
| സഞ്ചയ D.C.B പ്രകാരം | 39,07,408 | 33,47,546 | 6310 | 6,58,932 |
| വസ്തുനികുതി കുടിശിക | | | | |
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | അഡ്ജസ്റ്റ്മെന്റ് |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 4,84,721 | 4,81,796 | 13,984 | - |
| സഞ്ചയ D.C.B പ്രകാരം | 5,48,840 | 4,81,796 | 77787 | - |

വസ്തുനികുതി കണക്കിലെ ഈ പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്. തൃപ്തികരമായ വിശദീകണത്തിന്റെ അഭാവത്തിൽ *വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം*

*വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.*

9) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ തുകയും, വാർഷികപത്രികയിൽ പറയുന്ന cash, cash-equivalents എന്നിവയുടെ മുന്നിരിപ്പ് - നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| Operating Activities, Investing Activities, Financing Activities എന്നിവയുടെ ആകെ തുക | 17,84,599 |
| Increase/(decrease)in cash and cash equivalent | 38,31,015 |

അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഉറപ്പാക്കുന്നതിനായില്ല.

10)എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണവും ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

11)വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

12)Day Book, Cash Book എന്നിവ ദൈനം ദിനം പ്രിന്റെടുത്ത് സെക്രട്ടറിയും, അക്കൗണ്ടന്റും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

1. സംസ്ഥാനാവിഷ്കൃത ഫണ്ടുകളിൽ വിവാഹ ധനസഹായം 5,10,000/- രൂപ, നെല്ലൽപാദക ബോണസ് 2,76,500/- രൂപ എന്നിവയുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം തുകകൾ വാർഷിക കണക്കുകളിൽ (RP 31, B4) കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല. (വിശദാംശങ്ങൾ ഖണ്ഡിക 4-1)

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ്

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന

നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തന രേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാൽക്കരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശവും ഇടപെടലുകളും അനിവാര്യമാണ്.

ബജററ് രൂപീകരണത്തിന്റെ പ്രാരംഭ നടപടിയായി സെക്രട്ടറി ഉദ്യോഗസ്ഥരുടെ/ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കേണ്ടതും ചർച്ചകൾ നടത്തി ബജറ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോർമാറ്റിൽ സ്വീകരിക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകേണ്ടതും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജനുവരി 15 മുമ്പ് ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ററാന്റിംഗ് കമ്മിറ്റികൾ ചർച്ചചെയ്യേണ്ടതും വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ജനുവരി 15-ാം തിയതിക്കു മുമ്പേ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ നിശ്ചിത സമയപരിധിക്കകം ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. എന്നാൽ 25.3.17-ൽ നടന്ന യോഗത്തിലെ തീരുമാനം 1 പ്രകാരമാണ് ബജറ്റിന് അംഗീകാരം വാങ്ങുന്നതിനുള്ള തീരുമാനം എടുത്തതായി കാണുന്നത്. ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 27.03.2017നാണ്.

ശീർഷകങ്ങൾ നൽകി സോഫ്റ്റ്വെയർ മുഖേനയാണ് വാർഷിക കണക്ക് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ശീർഷകങ്ങളുടെ അടിസ്ഥാനത്തിലല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ തന്നെ ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ നിരീക്ഷണ വിധേയമാക്കുക സാധ്യമല്ല.

ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശ ഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകരിക്കുന്നതിന് മുമ്പായി വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല എങ്കിൽ അംഗീകാരം ലഭിച്ചാലുടൻ വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും ഭരണ സമിതി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ബജറ്റിലെ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ബജറ്റ് പുതുക്കി ഭരണസമിതി അംഗീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

## 2-2 വസ്തു നികുതി - സാംഖ്യ- സഞ്ചയ സംയോജനം - അവലോകനം

വസ്തുനികുതി നിർണ്ണയ സോഫ്റ്റ്‌വെയറായ സഞ്ചയയുടേയും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുടേയും സംയോജനം പൂർത്തിയായിട്ടുണ്ടെങ്കിലും സാംഖ്യയും സഞ്ചയയും തമ്മിലുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല.

തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ വൗച്ചർ മുഖേന തുകകൾ എഴുതി തള്ളുകയും, വരുമാനമായി ക്രമീകരിക്കുകയും തിരുത്തൽ എൻട്രികൾ വരുത്തുകയും ചെയ്യുന്നു. എന്നാൽ ഈ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ല.

2013-14 സാമ്പത്തിക വർഷം മുതലുള്ള വസ്തു നികുതി വർദ്ധന 2014-15 വർഷത്തിൽ മുൻകാല പ്രാബല്യത്തോടെ നിലവിൽ വരുകയും എന്നാൽ 2015-16 വർഷത്തിൽ 60 എം$^2$ വരെയുള്ള ( പ്ലിന്ത് ഏരിയ) വീടുകൾക്ക് നികുതി ഒഴിവാക്കിയും 2000 ച. മീ വരെയുള്ള വീടുകളുടെ നികുതി വർദ്ധന പൂർണ്ണമായും പിൻവലിച്ചും വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ നികുതി 100 % ആയി പരിമിതപ്പെടുത്തിയും ഉത്തരവുകൾ ഇറങ്ങുകയുണ്ടായി. ഇത്തരത്തിൽ പല ഘട്ടങ്ങളായി ഇറങ്ങിയ ഉത്തരവുകൾ പ്രകാരം സഞ്ചയ സോഫ്റ്റ് വെയറിലുള്ള കെട്ടിടങ്ങളുടെ നികുതി വ്യത്യാസപ്പെട്ടുകൊണ്ടിരിന്നു. ആയതനുസരിച്ച് ഒരു വർഷത്തിൽ നിശ്ചയിച്ച ഡിമാന്റ്, ബാലൻസ് എന്നിവ അടുത്ത വർഷത്തിൽ വ്യത്യാസപ്പെടുന്നു.

നികുതി വർദ്ധനവിനനുസരിച്ച് വാങ്ങിയ മുൻവർഷത്തെ അധിക തുകകൾ ബുക്ക് അഡ്ജസ്റ്റ്മെന്റ് വഴി വരും വർഷങ്ങളിലേക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ മാറ്റപ്പെടുന്നുണ്ടെങ്കിലും സാംഖ്യ സോഫ്റ്റ് വെയറിൽ ഇത്തരത്തിൽ നടത്തുന്ന തനത് വർഷത്തേക്കുള്ള അഡ്ജസ്റ്റമെന്റ് തുകകൾ വ്യക്തമാക്കാൻ സാധിക്കുന്നില്ല. കൂടാതെ മുൻവർഷത്തെ ഡിമാന്റ്, അരിയർ ഡിമാന്റ്, വ്യത്യാസപ്പെടുന്നതിനനുസരിച്ച് ബുക്ക് അഡ്ജസ്റ്റ്മെന്റിലും വ്യത്യാസം വന്നുകൊണ്ടിരിക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയറിലെ നിലവിലുള്ള ഡാറ്റകളിലെ അടിസ്ഥാന വിവരങ്ങളിലും നികുതി നിർണ്ണയത്തിലും സാംഖ്യ- സഞ്ചയ സംയോജന സമയത്തെ മുൻവർഷ രശീതുകളുടെ മാപ്പിംഗ് വഴിയുള്ള പോസ്റ്റിംഗുകളിലും വന്നിട്ടുള്ള തെറ്റുകൾ ഡാറ്റാ പ്യൂരിഫിക്കേഷൻ മെനു വഴി കൃത്യതയുള്ളതാക്കുന്ന പ്രവൃത്തി നടക്കുന്നതിനാൽ ഇപ്പോഴും ഡിമാന്റ്, അരിയർ ഡിമാന്റ്, ബുക്ക് അഡ്ജസ്റ്റ്മെന്റ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു.

വസ്തുനികുതി പരിഷ്കരണം, വസ്തുനികുതി സോഫ്റ്റ് വെയറിന്റെ സാങ്കേതിക മികവിന്റെ കുറവ് തുടങ്ങിയ കാരണങ്ങൾ കൊണ്ട് വസ്തുനികുതിയിലുണ്ടായിട്ടുള്ള വ്യത്യാസം കൃത്യമായി കണക്കാക്കപ്പെടേണ്ടതും പൊരുത്തപ്പെടുത്തലിലൂടെ വരുമാന നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ളത് ഉറപ്പാക്കപ്പെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണവകുപ്പ് തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ തനതുവരുമാനമായ വസ്തുനികുതി കൃത്യമായി കണക്കാക്കപ്പെടേണ്ടതും ആയത് ഈടാക്കപ്പെടേണ്ടതുമാണ്.

## 2-3 ഭവന നിധി രൂപീകരിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ 31.7.17-ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഈ നിർദ്ദേശത്തിനനുസൃതമായി ഗ്രാമപഞ്ചായത്ത് നാളിതുവരെ ഭവന നിധി രൂപീകരിച്ചിട്ടില്ല. ഭവന നിധി രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്കും പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 ടെണ്ടർ വിൽപ്പന - ഇ ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില സർക്കാർ ഉത്തരവ് (എം.എസ്) 318/2013ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ,എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 14,600/- രൂപ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ടി തുകയും, മുൻ വർഷങ്ങളിൽ ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിൽ ലഭ്യമാകാൻ ബാക്കി തുകയുണ്ടെങ്കിൽ ആയതും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകതകൾ

സർക്കുലർ നമ്പർ 48544/എ.ബി.1/13/ത.സ്വ.ഭ.വ. തിയ്യതി 22.04.2014 പ്രകാരം സാംഖ്യ ഉപയോഗിച്ച് അക്കൗണ്ടിങ്ങ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ, ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ അതാതു ദിവസങ്ങളിൽ പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതും ആയത് എല്ലാ ദിവസങ്ങളിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ബാങ്കിൽ ക്യാഷ് അടവാക്കിയതിന്റെ രശീതി ഡേ ബുക്കിലെ വിവരങ്ങൾ മറയ്ക്കുന്ന രീതിയിൽ ചേർത്തിട്ടുള്ളതിനാൽ വിവരങ്ങൾ ലഭ്യമാകുന്നില്ല, അപാകത പരിഹരിക്കേണ്ടതാണ്. റദ്ദാക്കിയ എല്ലാ രശീതികളും റദ്ദാക്കിയ രശീതികളുടെ റിപ്പോർട്ടും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 2-6 അക്കൗണ്ട്സ് ചട്ടങ്ങൾ പാലിക്കുന്നില്ല

2017 ജൂൺ 28ാം തിയ്യതി ഡേ ബുക്ക് പ്രകാരം ഫ്രണ്ട് ഓഫീസ് കളക്ഷൻ 3888/- രൂപയാണ്. എന്നാൽ 4099 രൂപയാണ് ബാങ്കിൽ അടവാക്കിയിട്ടുള്ളത്. 2017 ജൂലൈ 6ാം ലെ ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകയായ 8268 രൂപ പൂർണമായും തൊട്ടടുത്ത പ്രവർത്തി ദിനത്തിൽ ബങ്കിൽ അടവാക്കിയിട്ടില്ല. 8268 രൂപയിൽ 1141 രൂപ ജൂലൈ 7ാം തിയ്യതിയും, 7127 രൂപ ജൂലൈ 10ാം തിയ്യതിയുമാണ് അടവാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ, ചട്ടം 23 പ്രകാരം, ലഭിക്കുന്ന ക്യാഷ് അതേ ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിനത്തിലോ ബന്ധപ്പെട്ട ട്രഷറി/ബാങ്കിൽ അടവാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (8/2017-18)ക്ക് നൽകിയിട്ടുള്ള മറുപടി തൃപ്തികരമല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ- ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നടപ്പിലാക്കിയിട്ടില്ല

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24-04-2017 ലെ 1ാംനമ്പർ തീരുമാന പ്രകാരം ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾക്ക് എതിരെ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 27/2017-18 (തിയ്യതി- 3-11-2018)ന് നല്കിയ മറുപടിയിൽ നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചു. നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 ഡി&ഒ ലൈസൻസ്-മോട്ടോർ റണ്ണിംങ് ഫീ കുറവ് ഈടാക്കി

2017-18 സാമ്പത്തിക വർഷത്തിൽ ശ്രീ.സുബൈർ.കെ.എം., കറുപ്പം വീട്ടിൽ, ചൊവ്വല്ലൂർ, കണ്ടാണശ്ശേരി(പി.ഒ.) എന്നവർക്ക് അനുവദിച്ചിട്ടുള്ള ഡി&ഒ ലൈസൻസിൽ 38 എച്ച്.പി. മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് ചട്ട പ്രകാരം ഈടാക്കേണ്ട 400 രൂപ ഈടാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 14/2017-18 നൽകിയതിന് ശേഷം മേൽ പറഞ്ഞ തുക രശീതി നമ്പർ 118060103057 തിയ്യതി 29.10.2018 പ്രകാരം അടവാക്കിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ കമ്മിറ്റികളുടെ പ്രവർത്തനത്തിലെ അപാകതകൾ

എ. ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല

13-ാം പഞ്ചവൽസര പദ്ധതിയും, 2017-18 വാർഷിക പദ്ധതിയും രൂപീകരിക്കുന്നതിന്റെ ഭാഗമായി 9-1-2017-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റ ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ.

ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ സമിതി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനുവേണ്ടി യോഗം ചേർന്നതിന്റെ വിവരങ്ങൾ ആസൂത്രണ സമിതി മിനിറ്റ്സ് ലഭ്യമല്ലാത്തതിനാൽ പരിശോധിക്കാൻ കഴിഞ്ഞില്ല. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ മൂന്നു ഘടകങ്ങളേയും ഏകോപിപ്പിക്കുകയാണ് ആസൂത്രണ സമിതിയുടെ പ്രധാന കർത്തവ്യം. വർക്കിംഗ് ഗ്രൂപ്പു പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും ആസൂത്രണ സമിതിയാണ്.

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും വികസന രേഖ തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ (9-1-2017 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റ ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ.) പൂർണ്ണമായും പാലിച്ചു കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ടുകൾ മേൽ പറഞ്ഞ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ടല്ല തയ്യാറാക്കിയിട്ടുള്ളത്. പരിശോധനക്ക് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഒന്നുതന്നെ ഒപ്പ് വെച്ച് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോൽസാഹിപ്പിക്കുക, അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, ആസൂത്രണ സമയ വിവര പട്ടിക അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണ സമിതിയെ സഹായിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്യുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും, സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവക്ക് സഹായം നൽകുക, തദ്ദേശ സ്ഥാപനങ്ങളുടെ പ്രദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരേയും, അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളേയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയ ആസൂത്രണ സമിതിയുടെ ചുമതലകൾ കൃത്യമായി പാലിക്കപ്പെട്ടു കാണുന്നില്ല. ആസൂത്രണ സമിതിയുടെ പ്രവർത്തനത്തിലെ പോരായ്മ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനത്തേയും ബാധിച്ചിട്ടുണ്ട്.

ബി. <u>വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനത്തിലെ വീഴ്ചകൾ</u>

ഒരു വർക്കിംഗ് ഗ്രൂപ്പിൽ വേണ്ടത് 10 മുതൽ 15 വരെ അംഗങ്ങളാണ് സർക്കാർ നിർദ്ദേശം. (ജി.ഒ.(എം.എസ്) 10/2017/ത.സ്വ.ഭ.വ/9-1-2017). പഞ്ചായത്തിൽ നിലവിലുള്ള 15 വർക്കിംഗ് ഗ്രൂപ്പുകളിലും 15 അംഗങ്ങൾ വീതമുണ്ട്. 15 അംഗങ്ങളും പങ്കെടുത്ത വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ഒന്നും തന്നെ 2017-18 വർഷത്തിൽ നടന്നിട്ടില്ല. ഒരു വർക്കിംഗ് ഗ്രൂപ്പിൽ പോലും വിഷയ വിദഗ്ധനെ ഉപാദ്ധ്യക്ഷനാക്കിയിട്ടില്ല. പല വർക്കിംഗ് കമ്മറ്റി മിനിറ്റ്സുകളിലും കൺവീനർ, ചെയർമാൻ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്തിട്ടില്ല.

പ്രോജക്ടുകൾ രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമെങ്കിൽ മറ്റു വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹരിത കേരളം, ലൈഫ്, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണം എന്നീ വികസന ദൗത്യങ്ങളുമായി പ്രദേശിക പദ്ധതികളെ ഏകോപിപ്പിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക, പദ്ധതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക, മോണിറ്ററിംഗ് ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ഒഴിവാകുക എന്നിങ്ങനെയുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ പാലിക്കുന്നതായി രേഖകളിൽ നിന്ന് വ്യക്തമല്ല.

സി. സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം

(I) വികസന സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 വർഷം 11 തവണ യോഗം ചേർന്നു. 2017-18-ലെ വാർഷിക പദ്ധതിയുടെ കരട് നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചയോ, സർക്കാർ ഉത്തരവ്വ പ്രകാരമുള്ള മുൻഗണന/അർഹത മാനദണ്ഡങ്ങൾ സംബന്ധിച്ച ചർച്ചയോ ഒന്നും തന്നെ നടന്നതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

(ii) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 വർഷം 13 തവണ യോഗം ചേർന്നു. 2017-18 വർഷത്തെ ബജറ്റ് സമയബന്ധിതമായി തയ്യാറാക്കുന്നതിന് തീരുമാനിച്ചു. മാസം തോറുമുള്ള വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നുണ്ട്.

ടി കമ്മറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ ബജറ്റ്, തനത് വരുമാനങ്ങൾ, പൊതുഭരണം, രസീത് പരിശോധന എന്നിവയാണ്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും, വരവ് ചെലവുകളും നിരീക്ഷിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക, ബജറ്റിനനുസരിച്ച് വരവ് ചെലവുകൾ ക്രമീകരിക്കുക, പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ധനസ്രോതസ്സ് വരുമാനം കണ്ടെത്തുക എന്നിവ ടി കമ്മറ്റിയുടെ ഉത്തരവാദിത്തമാണ്. ധനസ്രോതസ്സ് കണ്ടെത്തുന്നതിനുള്ള ക്രിയാത്മകമായി ചർച്ചയോ തീരുമാനങ്ങളോ എടുത്തതായി മിനിറ്റ്സിൽ രേഖപ്പെടുത്തുന്നില്ല.

(iii) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18 വർഷം 14 തവണ യോഗം ചേർന്നു. കമ്മിറ്റിയുടെ തീരുമാനങ്ങളെല്ലാം തന്നെ ക്ഷേമ പെൻഷനുകൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയുമായി ബന്ധപ്പെട്ടുള്ളവയായിരുന്നു.

(iv) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 വർഷം 12 തവണ യോഗം ചേർന്നു. ടി കമ്മിറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ സാന്ത്വന പരിചരണം, മാലിന്യ സംസ്കരണം, വിദ്യാഭ്യാസം എന്നിവയാണ്.

നിയമത്തിന്റെയും, ചട്ടങ്ങളുടേയും, സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ആവശ്യമായ പ്രോജക്ടുകൾ ശുപാർശചെയ്യുന്നതിനും, ഏറ്റെടുത്ത പ്രോജക്ടുകൾ യഥാവിധി നടപ്പാക്കുന്നുവെന്നും ഫലപ്രാപ്തിയിൽ എത്തുന്നുവെന്നും ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികൾ യഥാവിധി പ്രവർത്തിക്കുമ്പോൾ പഞ്ചായത്തിന് മികച്ച പ്രവർത്തനം കാഴ്ചവെക്കാൻ കഴിയും.

# 3-2 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്) നമ്പർ 72/2017/ത.സ്വ.ഭ.വ /29-3-2017-ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. മുൻപുള്ള മാർഗ്ഗരേഖകളിലും ഈ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും പഞ്ചായത്തിൽ നാളിതുവരെയായി ഇവ തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ളാൻ എന്നിവ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-3 ഭാഗികമായി റോഡ് പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു

പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് നടപ്പാക്കുന്നതിനുപകരം ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചു കാണുന്നു.

സോളിങ്ങ്/മെറ്റലിങ്ങ് വരെയുള്ള ഇനങ്ങൾ മാത്രം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്ന് കൊടുക്കുന്നത് മൂലം മെറ്റലിങ്ങ് ഇളകി തെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുകയും പിന്നീട് ടാറിങ്ങ് പ്രോജക്ട് ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതുവരെ പൂർത്തീകരിച്ച ഇനങ്ങൾ വീണ്ടും ചെയ്യേണ്ട അവസ്ഥയുണ്ടാവുകയും സാമ്പത്തിക നഷ്ടത്തിന് കാരണമാവുകയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ സോളിങ്ങ് മാത്രം നടത്തി അവസാനിപ്പിച്ച ഏതാനും റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെപറയുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 187/18 -പ്രിയദർശിനി റോഡ് മെറ്റലിങ്ങ് | 125000 | 124294 |
| 2 | 186/18- ദേശാഭിമാനി റോഡ് മെറ്റലിങ്ങ് | 100000 | 100000 |

മരാമത്ത് പ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നതിന് പകരം പൂർത്തീകരണത്തിന് ആവശ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ബഹുവർഷ പ്രോജക്ടായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-4 കുടിവെള്ള പദ്ധതികൾ - അപാകതകൾ

2017-18 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2 കുടിവെള്ള പദ്ധതികളുടെ ഫൈനൽ ബിൽ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര് | നിർവ്വഹണ രീതി | അടങ്കൽ | ചെലവ്, ബിൽ നമ്പർ, തീയതി | കരാറുകാരൻ |
|---|---|---|---|---|
| 113/18,<br>കുനതയിൽ കോളനി കുടിവെള്ള പദ്ധതി | ടെണ്ടർ | 4,75,000<br>(ധനകാര്യ കമ്മീഷൻ | 2,20,979<br>128/17-18 | ജോൺ ബോസ്കോ.വി.ജെ. |

| | | | | |
|---|---|---|---|---|
| | | ഗ്രാന്റ്) | 31-3-2018 | |
| 201/18,<br>കെട്ടുങ്ങൽ കുടിവെള്ള പദ്ധതി | ടെണ്ടർ | 7,43,918<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>37/17-18<br>21-8-17<br>4,70,827<br>52/17-18<br>28-12-17<br>2,73,091 | ജോൺ ബോസ്കോ.വി.ജെ. |
| | | 6,27,907<br>(തനത് ഫണ്ട്) | 5,01,892<br>(തനത് ഫണ്ട്)<br>വൗച്ചർ നമ്പർ 21700710 29-12-17 | |
| | | ആകെ | 14,66,789 | |

മേൽ പറഞ്ഞ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. പൂർത്തീകരിക്കപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതികളെ സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല.

2. കുടിവെള്ള പദ്ധതികൾ പൂർത്തിയായവ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതാണ്. തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതി ചെയ്യേണ്ടതാണ്. ആയതിന്റെ രേഖകൾ ഒന്നും ഫയലുകളിൽ ലഭ്യമായില്ല.

3. എസ്.സി. കുടിവെള്ള പദ്ധതികൾ ഒഴികെയുള്ള എല്ലാ കുടിവെള്ള പദ്ധതികൾക്കും ഗുണഭോക്തൃവിഹിതം (10%) പരമാവധി സമാഹരിക്കേണ്ടതാണ്. (ജി.ഒ.(എം.എസ്)നം. 4/2016 /ത.സ്വ.ഭ.വ. തീയതി 11-1-2016). ഗുണഭോക്തൃ വിഹിതം സമാഹരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 12/17-18 തീയതി - 27-10-2018) മറുപടി ലഭ്യമാക്കിയില്ല.

കുടിവെള്ള പദ്ധതികൾ പരിശോധിക്കുന്നതിനായി സ്ഥല പരിശോധന നടത്തിയപ്പോൾ ടി പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന ബോദ്ധ്യപ്പെട്ടു. ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ലാത്തതിനാൽ പദ്ധതികൾ പ്രവർത്തനക്ഷമമായിട്ടില്ല. തുടർ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. പൂർത്തീകരണ വിവരം ലഭ്യമാകുന്നതു വരെ ടി പദ്ധതികൾക്കായി

ചെലവഴിച്ച 14,66,789/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 ധനകാര്യകമ്മീഷൻ ഗ്രാന്റ് അനുമതിയില്ലാത്ത മേഖലകളിൽ ചെലവഴിച്ചു

താഴെപ്പറയുന്ന പദ്ധതികളിൽ വിഭവ സ്രോതസ്സായി വകയിരുത്തി ചെലവഴിച്ചിട്ടുള്ളത് ധനകാര്യകമ്മീഷൻ ഗ്രാന്റാണ്. 2017-18 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖയായ ജി.ഒ (എം.എസ്) നം. 72/2017/ത.സ്വ.ഭ.വ. തി. 29.03.2017, ഖ.13.8 പ്രകാരം പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് അടിസ്ഥാന സേവനസൗകര്യങ്ങളായ കുടിവെള്ളവിതരണം, ശുചിത്വം/കക്കൂസ് മാലിന്യ പരിപാലനം, മലിനജല നിർഗ്ഗമനം/ഖരമാലിന്യം എന്നിവയുടെ പരിപാലനം, ശ്മശാനങ്ങൾ സ്ഥാപിക്കൽ, ഗ്രാമപഞ്ചായത്തിന്റേയും ഘടകസ്ഥാപനങ്ങളുടേയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ സംരക്ഷണം/പരിപാലനം, റോഡുകളുടെ സംരക്ഷണം / പരിപാലനം, നടപ്പാതകളുടെ നിർമ്മാണം, തെരുവുവിളക്കുകൾ സ്ഥാപിക്കൽ എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിന് വേണ്ടി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. എന്നാൽ, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ താഴെപ്പറയുന്ന പദ്ധതികൾക്ക് മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗ്രാന്റ് ഉപയോഗിച്ചതായി കാണുന്നു.

| പദ്ധതി | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| S0039/18, കൃഷിഭവൻ മേൽക്കൂര ഷീറ്റ് ഇടൽ | 8,00,000/- | 7,99,826/- ട്രഷറി ബിൽ : 121/17-18 dt. 22-03-18 |
| S0052/18 പനന്തറ അംഗൻവാടി മെയിന്റനൻസ് | 67,162/- | 67,162/- ട്രഷറി ബിൽ : 108/17-18 dt. 03.03.18 |
| S00178/18 അണ്ടത്തോട് കമ്മ്യൂണിറ്റി ഹാൾ കെട്ടിടം പൂർത്തീകരണം | 5,37,800/- | 5,37,800/- ട്രഷറി ബിൽ: 10/17-18 dt.29-06.17 |
| S0221/18, അണ്ടത്തോട് കമ്മ്യൂണിറ്റി ഹാൾ നിർമ്മിതി കേന്ദ്രത്തിന് തുക നൽകൽ | 6,05,378/- | 6,05,378/- ട്രഷറി ബിൽ : 85/17-18 dt.24.01.18 |
| ആകെ | 20,10,340 | 20,10,166 |

ടി വിഷയം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 19/17-18 തീയതി. 27-10-2018-ന്

തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല. മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 3-6 ടാറിന്റെ വില - പെട്രോളിയം കമ്പനിയിൽ അടവാക്കിയ തുകയും, ലഭ്യമായ ടാറിന്റെ വിലയും പൊരുത്തപ്പെടുന്നില്ല

വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് കുറവു ചെയ്ത ഷെഡ്യൂൾ നിരക്കിലുള്ള ടാറിന്റെ വില ട്രഷറി വഴി അടവാക്കിയതിന് അനുസൃതമായിട്ടല്ല കമ്പനികൾ ടാർ വിതരണം ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയറുടെ നം.20/AE/LSGD/PKLM/2017 തീയതി. 25-1-2018 കത്ത് പ്രകാരം, 24-1-2018-ന് ഭാരത് പെട്രോളിയം കോർപ്പറേഷന് കൈമാറിയ തുക - 21,80,552/- രൂപ.

അസിസ്റ്റന്റ് എഞ്ചിനീയറുടെ നം.20/AE/LSGD/PKLM/2017 തീയതി.25-1-2018 കത്ത് പ്രകാരം, 24-1-2018-ന് ഹിന്ദുസ്ഥാൻ കൊളാഷ് പ്രൈവറ്റ് ലിമിറ്റഡിന് കൈമാറിയ തുക - 5,69,237/-

ബിൽ പ്രകാരം പഞ്ചായത്തിന് കൈമാറിയ ബിറ്റുമെൻ വിശദാംശങ്ങൾ താഴെ പറയുന്നു.

| ഇൻവോയ്സ് നം.<br>തീയതി | പ്രോഡക്ട് ഡിസ്ക്രിപ്ഷൻ | ക്വാണ്ടിറ്റി | ആകെ തുക | കമ്പനി |
|---|---|---|---|---|
| 2074/1-2-18 | VG 30<br>RS I | 52 Barrel<br>33 | 509538 | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് |
| 2613/2-2-18 | VG 30 | 83 | 454234 | “ |
| 3173/3-2-18 | VG 30 | 100 | 547270 | “ |
| 4804/6-2-18 | VG 30 | 100 | 547270 | “ |
| 414359/5-2-18 | SS I | 44 | 578096 | HINCOL |

ഭാരത് പെട്രോളിയം കോർപ്പറേഷനിൽ 1,22,240/- (2180552-2058312) രൂപ അധികം അടവാക്കിയതായി കാണുന്നു. ഹിന്ദുസ്ഥാൻ കൊളാഷ് പ്രൈവറ്റ് ലിമിറ്റഡിൽ അടവാക്കിയ തുകയും, ലഭ്യമായ ടാറിന്റെ വിലയും പൊരുത്തപ്പെടുന്നില്ല.

പെട്രോളിയം കമ്പനിയിൽ അധികം സ്വരൂപിക്കപ്പെട്ട തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ-പൂർത്തീകരിച്ചിട്ടില്ല

i) താഴെ പറയുംപ്രകാരമുള്ള പ്രൊജക്റ്റുകൾക്കായി ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് കൈമാറിയ തുകകൾക്ക് വിനിയോഗവിവരമില്ല.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | ചെലവിന്റെ വിശദാംശങ്ങൾ | | റിമാർക്സ് |
|---|---|---|---|---|---|
| | | | ട്രഷറി ബിൽ, തുക | ആർക്കു നൽകി | |
| 1 | S0216/18 | IMA ബ്ലഡ്ബാങ്ക് വിഹിതം നൽകൽ | 14/25.1.18<br>1,00,000 | ജില്ലാ പഞ്ചായത്ത് | വിനിയോഗ വിവരം ഇല്ല |
| 2 | S0217/18 | ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് സെന്റർ വിഹിതം നൽകൽ | 15/25.1.18<br>50,000 | ജില്ലാ പഞ്ചായത്ത് | വിനിയോഗ വിവരം ഇല്ല |
| 3 | S0219/18 | ലൈഫ് ഭവന പദ്ധതി-ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറൽ | 17/25.1.18 /₹8,88,204<br>29/19.3.18 /₹2,70,685<br>39/28.3.18<br>₹11,68,012 | ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് | ഗുണഭോക്താക്കളുടെ വിവരം, തുകയുടെ വിനിയോഗ വിവരം എന്നിവ ഇല്ല |
| ആകെ | | | 24,76,901 | | |

വിനിയോഗവിവരം ലഭ്യമാക്കുന്നതുവരെ 24,76,901/- രൂപ തടസ്സപ്പെടുത്തുന്നു.

ii) കൃഷിഭവനിലേക്കും AE ഓഫീസിലേക്കും ജനറേറ്റർ വാങ്ങൽ-പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നമ്പർ-S0228/18

| | അടങ്കൽ | ചെലവ് | |
|---|---|---|---|
| | | ട്രഷറി ബിൽ നമ്പർ/തിയതി | തുക |
| വികസന ഫണ്ട് | 62772 | 37/28.3.18 | ₹62772 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 102928 | 35/28.3.18 | ₹102928 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 5,55,000 | 36/28.3.18 | ₹5,55,000 |
| ആകെ | | | 7,20,700 |

ജനറേറ്റർ വാങ്ങി കൃഷി ഭവൻ, അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസുകളിലെ വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പ്രൊജക്റ്റാണ് ഇത്. 30 KVA SP.DG സെറ്റും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്നതിനുള്ള 6,90,700/- രൂപയും 3 വർഷത്തെ AMC തുകയായ 30,000/- രൂപയും അടക്കം 7,20,700/- രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്

കൈമാറി. സ്ഥാപനത്തിലെ നിലവിലെ വൈദ്യുതി കണക്ഷൻ, വയറിംഗ് സംവിധാനം എന്നിവ പരിശോധിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് അനുമതി നൽകിയിട്ടുള്ളതായി ഫയലിൽ കാണുന്നില്ല. ജനറേറ്റർ സ്ഥാപനം, AMC എന്നിവ സംബന്ധിച്ച് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡുമായി കരാർ വച്ചിട്ടില്ല. ജനറേറ്റർ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. 7,20,700/- രൂപ തടസ്സപ്പെടുത്തുന്നു.

iii) തെരുവുവിളക്ക്, പൊതുടാപ്പ് എന്നിവയുടെ പരിപാലനം-പ്രൊജക്റ്റുകൾ പൂർത്തീകരിച്ചിട്ടില്ല.

തെരുവുവിളക്ക്, പൊതുടാപ്പ് എന്നിവയുടെ പരിപാലനത്തിനായി നടപ്പാക്കിയ പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | ചെലവിന്റെ വിശദാംശങ്ങൾ | | റിമാർക്സ് |
|---|---|---|---|---|---|
| | | | ട്രഷറി ബിൽ, തുക | ആർക്കു നൽകി | |
| 1 | S0140/18 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 26/19.3.18<br>₹671515/-<br>27/19.3.18<br>₹10,00,000/- | KSEB-പുന്നയൂർക്കുളം, ചാവക്കാട്, പെരുമ്പടപ്പ് | കൈപ്പറ്റ് രശീതി, KSEBയുമായുള്ള കരാർ, പദ്ധതിയുടെ പൂർത്തീകരണത്തിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 2 | S0143/18 | LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (70W) | 34/28.3.18<br>3,56,400<br>72 എണ്ണത്തിന്റെ വില | മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ | എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിച്ച് പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല |
| 3 | S0215/18 | 36W LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 16/25.1.18<br>65,340<br>33 എണ്ണത്തിന്റെ വില | AK ഇലക്ട്രിക്കൽസ് | ,, ,, |

| | | | | | |
|---|---|---|---|---|---|
| 4 | S0184/17 (spillover) | വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ടാപ്പ് സ്ഥാപിക്കൽ | 1/26.6.17 ₹276559 | കേരള വാട്ടർ അതോറിറ്റി | വാട്ടർ അതോറിറ്റിയുമായുള്ള കരാർ, പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 5 | S0141/18 | വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ടാപ്പ് സ്ഥാപിക്കൽ | 40/31.3.18 5,00,000 | കേരള വാട്ടർ അതോറിറ്റി | വാട്ടർ അതോറിറ്റിയുമായുള്ള കരാർ, പദ്ധതി പുരോഗതിയുടെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| ആകെ | | | 21,98,299 | | |

പദ്ധതികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. 21,98,299/- രൂപ തടസ്സപ്പെടുത്തുന്നു

## 3-8 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പൂർത്തീകരിക്കാതെ ഉപേക്ഷിക്കപ്പെട്ടു

കന്നുകുട്ടി പരിപാലനത്തിനായി താഴെ പറയും പ്രകാരം 2 പ്രൊജക്ടുകൾ ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്.

(I)പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രൊജക്റ്റ് നം.-SOO23/18

അടങ്കൽ-വികസനഫണ്ട്-156250 + ഗുണഭോക്തൃവിഹിതം-312500 + സംസ്ഥാനാവിഷ്കൃത പരിപാടി-156250, ആകെ=625000/-

ചെലവ്-ട്രഷറി ബിൽ നം. KVP 5/17-18/22.1.18-₹156250/-

ഈ പദ്ധതിക്കായി 25 ഗുണഭോക്താക്കൾക്ക് 6250/- വീതം ആകെ 156250/- രൂപ എസ്.എൽ.ബി.പി.ക്ക് കൈമാറിയിട്ടുണ്ട്.

(II) കന്നുകുട്ടി പരിപാലന പദ്ധതി-പ്രൊജക്റ്റ് നം.-SOO213/18

അടങ്കൽ-വികസനഫണ്ട്-187500 + ഗുണഭോക്തൃവിഹിതം-187500, ആകെ=375000/-

ചെലവ്-ട്രഷറി ബിൽ നം. KVP 8/17-18/26.2.18 – ₹187500/-

ഈ പദ്ധതിക്കായി 15 ഗുണഭോക്താക്കൾക്ക് 12500/- വീതം ആകെ 187500/- രൂപ എസ്.എൽ.ബി.പി.ക്ക് കൈമാറിയിട്ടുണ്ട്.

ചമ്മണൂർ ക്ഷീരസഹകരണ സംഘത്തെയാണ് പദ്ധതി നിർവ്വഹണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്.

പരിശോധനക്ക് ലഭ്യമാക്കിയ, ഈ പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ വ്യക്തിഗത നാൾവഴി പ്രകാരം ഗുണഭോക്താക്കൾ ജൂലായ്/18 നുശേഷം കാലിത്തീറ്റ വാങ്ങുന്നില്ല. ഫയലിൽ നിന്നും ലഭിക്കുന്ന വിവരമനുസരിച്ചും ഓഡിറ്റ് എൻക്വയറി 6-ന് നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടി അനുസരിച്ചും കാലിത്തീറ്റ സൂക്ഷിക്കാനുള്ള അസൗകര്യം മൂലം ചമ്മണൂർ ക്ഷീരസഹകരണസംഘം പദ്ധതി നിർവ്വഹണത്തിൽ നിന്നും പിൻമാറിയിരിക്കുകയാണ്.
പദ്ധതി തുടർന്ന് നടപ്പാക്കാത്തപക്ഷം സബ്സിഡി തുക ബാക്കിയുള്ളത് സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതുണ്ട്. ഇക്കാര്യം എസ്.എൽ.ബി.പി. അധികൃതരെ അറിയിച്ചിട്ടുള്ളതായി നിർവ്വഹണോദ്യോഗസ്ഥ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 3-9 പോഷകാഹാര പദ്ധതി-അമൃതം ഫുഡ് സപ്ലിമെന്റിന്റെ വില അധികം നൽകി - ചെലവ് നിരാകരിക്കുന്നു

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കുന്ന അംഗൻവാടി പോഷകാഹാരപദ്ധതിയുടെ ഭാഗമായി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, എളവള്ളി നിർമ്മിക്കുന്ന അമൃതം ഫുഡ് സപ്ലിമെന്റ് 7/2017 മാസത്തിൽ വിതരണം ചെയ്തതിന് താഴെ പറയും പ്രകാരം രണ്ടു പ്രാവശ്യം തുക അനുവദിച്ചതായി കാണുന്നു.

| ക്യാഷ് ബിൽ നമ്പർ/ തിയതി | അളവ്, വില | തുക അനുവദിച്ചത് ട്രഷറി ബിൽ/തിയതി |
|---|---|---|
| 253/28.7.2017 | 1122kg@₹70<br>₹78540 +₹1122 (transportation)=<br>ആകെ=₹79662/- | II/21.8.2017/<br>₹79662/-<br>(ആകെ തുക-113075/-) |
| 6/28.7.2017 | 1122kg@₹70<br>₹78540+₹14137(GST) | III/17.10.2017/<br>₹14137/-<br>(ആകെ തുക-₹218826/-) |

| | |
|---|---|
| | 12/14.3.2018/<br>₹64403/-<br>(ആകെ തുക-540937/-)<br>ആകെ=14137+64403=78540 |

മേൽ പറഞ്ഞ പ്രകാരം 28.7.2017 തിയതിയിൽ അമൃതം പൊടി വിതരണം ചെയ്യതായി രണ്ട് ക്യാഷ് ബില്ലുകൾ സ്ഥാപനം നൽകിയിട്ടുണ്ട്. ആയതിന്മേൽ മുകളിലെ പട്ടികയിൽ പറഞ്ഞപ്രകാരം രണ്ടുപ്രാവശ്യം തുക അനുവദിച്ചിട്ടുമുണ്ട്. 28.7.2017 തിയതിയിൽ ഒരു പ്രാവശ്യം മാത്രമാണ് അംഗൻവാടികളിൽ അമൃതം പൊടി വിതരണം ചെയ്തിട്ടുള്ളതെന്ന് നിർവ്വഹണോദ്യോഗസ്ഥ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 16 തീയതി.29.10.2018). സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ അധികം അനുവദിച്ച 78,540/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട സർക്കാർ ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. അധികം അനുവദിച്ച 78,540/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-10 7-ാം വാർഡിൽ 30-ാം നമ്പർ അംഗൻവാടിക്ക് സ്ഥലം വാങ്ങൽ-പദ്ധതി

പ്രൊജക്റ്റ് നം-206/18 നിർവ്വഹണം-സെക്രട്ടറി

7-ാം വാർഡിൽ 30-ാം നമ്പർ അംഗൻവാടിക്ക് 3 സെന്റ് സ്ഥലം വാങ്ങുന്നതിനായി ട്രഷറി ബിൽ നം. 2/30.6.2017 പ്രകാരം 1,17,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീ.ഉമ്മർ s/oമൊയ്തുണ്ണി, കുന്നത്തുവളപ്പിൽ, ചെമ്മണ്ണൂർ ദേശം എന്ന ഗുണഭോക്താവിൽ നിന്നാണ് സ്ഥലം വാങ്ങുന്നത്. പരിശോധനക്കു ലഭിച്ച പദ്ധതി ഫയലിലെ രേഖകളിൽ പദ്ധതി പ്രകാരം വാങ്ങാനുദ്ദേശിക്കുന്ന സ്ഥലത്തിന് വ്യത്യസ്ത സർവ്വേ നമ്പറുകൾ ചേർത്തുകാണുന്നു.
സ്ഥലം ഉടമയായ ഉമ്മറുടെ സമ്മതപത്രം, കൈവശ സർട്ടിഫിക്കറ്റ്, കരം അടച്ച രശീതി, ലാന്റ് വാല്യു സർട്ടിഫിക്കറ്റ്, വസ്തുസംബന്ധമായ ബാദ്ധ്യത സർട്ടിഫിക്കറ്റ്, ടൈറ്റിൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ്, 27.2.2015ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം 5(1) ---- എന്നീ രേഖകളിൽ സർവ്വെ നമ്പർ 301/2 എന്നാണ്.

എന്നാൽ ലൊക്കേഷൻ മാപ്പ്, സ്ഥലം വാങ്ങുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28.11.2016 തിയതിയിലെ ജി-2-7069/15 നമ്പർ ഉത്തരവ് എന്നിവയിൽ സർവ്വെ നമ്പർ 313/2 എന്നാണ് കാണുന്നത്.
വാങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിനു തന്നെയാണോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി ലഭിച്ചിട്ടുള്ളത് എന്നതു സംബന്ധിച്ച് വ്യക്തതയില്ല. പഞ്ചായത്തിന് സ്ഥലം രജിസ്റ്റർ ചെയ്ത് ലഭിച്ചിട്ടില്ല.
2016-17 വർഷത്തെ ബില്ല് രജിസ്ററർ പ്രകാരം 30.3.2017 ൽ CFC ഗ്രാന്റിൽ നിന്നും പ്രൊജക്റ്റ് നം 123/17,"Land purchase of 4 Anganvadies" എന്ന ഇനത്തിൽ 1,17,000/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. (വൗച്ചർ നം.224/30.3.2017, സാംഖ്യ വൗച്ചർ നം.21601200/30.3.2017). മേൽ പറഞ്ഞ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സ്ഥലം ഏറ്റെടുക്കുന്ന നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. 1,17,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 അംഗൻവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

പഞ്ചായത്തിൽ ആകെ 32 അംഗൻവാടികളാണ് ഉള്ളത്.

അടിസ്ഥാനസൗകര്യ വിവരങ്ങൾ

| | |
|---|---|
| സ്വന്തം കെട്ടിടമുള്ളവ | 24 |
| വാടകക്ക് പ്രവർത്തിക്കുന്നവ | 8 |
| വാടക കെട്ടിടത്തിലുള്ളവ | അംഗൻവാടിനമ്പർ 2, 7, 10, 12, 21, 22, 29, 30 |
| ചുറ്റമതിലുള്ളവ | 18 |
| വാട്ടർ കണക്ഷൻ ഉള്ളത് | 8 |
| ശൗചാലയങ്ങൾ ഉള്ളത് | 24 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 22 |

22-03-2011 ലെ സർക്കുലർ നം.31055/ഡി.സി-2/2011/തസ്വഭവ ഖണ്ഡിക 'സി ' പ്രകാരം ഗ്രാമ പഞ്ചായത്തിലെ അംഗനവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചിനീയർ/ഓവർസീയർ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ അംഗൻവാടി നമ്പർ 14, 28 എന്നിവക്ക് 2017-18 വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. അൺഫിറ്റ് ആയ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 32 അംഗൻവാടികളുള്ളതിൽ ആകെ 8 എണ്ണത്തിൽ മാത്രമേ കുടിവെള്ള സൗകര്യമുള്ളൂ. ടി കണക്കുകൾ അനുസരിച്ച് അംഗൻവാടി നമ്പർ 9, 11, 14, 28 എന്നിവയിൽ കിണറും, അംഗൻവാടി നമ്പർ 1, 3, 4, 18 എന്നിവയിൽ പൈപ്പ് കണക്ഷനും ആണുള്ളത്, മറ്റുള്ളവയിൽ അടുത്ത വീടുകളിൽ നിന്നുമാണ് കുടിവെള്ളം ലഭിക്കുന്നത്. പദ്ധതി മാർഗ്ഗരേഖ, ജി.ഒ.(എം.എസ്)നം.72/2017/ത.സ്വ.ഭ.വ. /29.3.2017, ഖണ്ഡിക 12.7 (9) പ്രകാരം അംഗൻവാടികളിൽ കുടിവെള്ളം ലഭ്യമാക്കുന്ന പ്രൊജക്ടുകൾക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ അംഗൻവാടികളിലും കുടിവെള്ള ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്.

# 3-12 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

താഴെപ്പറയുന്ന പദ്ധതികളുടെ നടത്തിപ്പിനായി ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ നൽകിയ തുകയ്ക്കുള്ള വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നമ്പർ/ പദ്ധതിയുടെ പേര് | ബിൽ നമ്പർ/ തിയതി | തുക | റിമാർക്സ് |
|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 226/18<br>ലൈഫ് ഭവന പദ്ധതി എസ്.സി. ഭവനങ്ങൾക്കാവശ്യമായ തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറൽ | 5/17-18 /15.2.18<br>11/17-18 /28.3.18 | 350000<br>2043330 | എത്ര ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് തുക കൈമാറിയത് എന്നത് വ്യക്തമല്ല. |
| വി.ഇ.ഒ. (അണ്ടത്തോട് സർക്കിൾ) | 62/18<br>പി.എം.എ.വൈ. വിഹിതം ബ്ലോക്ക് പഞ്ചായത്തിന് കൈമാറൽ ജനറൽ | 2/17-18 /30.9.17 | 400000 | ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല |
| | | ആകെ | 2793330 | |

വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 3-13 മെഡിക്കൽ ഓഫീസർ പി.എച്ച്.സി.,നടപ്പിലാക്കിയ പദ്ധതികൾ

I. വികലാംഗർക്ക് സഹായ ഉപകരണങ്ങൾ

പ്രോജക്ട് നമ്പർ 202/18

ബിൽ നമ്പർ - 24/17-18/28.3.18 തുക - 204549/-

പദ്ധതി പ്രകാരം മെഡിക്കൽ ക്യാമ്പ് നടത്തി 32 ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റും തയ്യാറാക്കി. Kerala State Handicapped Persons Welfare Corporation Ltd. എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ലിസ്റ്റ് തയ്യാറാക്കിയതിൻ പ്രകാരം 296989 രൂപയുടെ സപ്ലൈ ഓർഡർ നൽകിയതിൽ 204549 രൂപയുടെ ഉപകരണങ്ങളാണ് വിതരണം നടത്തിയതായി കാണുന്നത്. ഇത് പ്രകാരമാണ് തുക സ്ഥാപനത്തിന് കൈമാറിയതും. ലഭ്യമാക്കിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. മാത്രമല്ല ഇൻവോയ്സ് പ്രകാരമുള്ള എല്ലാ ഉപകരണങ്ങളും ലഭ്യമായിട്ടില്ല എന്ന് മെഡിക്കൽ ഓഫീസർ 13.6.18-ൽ എം.ഡി., വികലാംഗ കോർപ്പറേഷന് അയച്ച എ-65/18 നമ്പർ

കത്തിൽ നിന്നും മനസ്സിലാകുന്നു. ഗുണഭോക്താക്കൾ കൈപ്പറ്റിയ ഉപകരണങ്ങളും ഇൻവോയ്സും ഒത്തുനോക്കയതിൽ നിന്നും ഈ കാര്യം വ്യക്തമാകുന്നതുമാണ്. ലഭ്യമായ ഉപകരണങ്ങളുടെയും ഇനി ലഭിക്കാനുള്ളതിന്റെയും കൃത്യമായ ഒരു വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ഇനിയും ലഭിക്കുവാനുള്ള ഉപകരണങ്ങൾ അടിയന്തിരമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. പി.എച്ച്.സി. ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നമ്പർ - 218/18

ബിൽ നം 22/17-18/28.3.18 തുക 191301

ബിൽ നം 23/17-18/28.3.18 തുക 85351

ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ടെണ്ടർ നടപടികളിലൂടെ ബയോ ഏജൻസീസ് , തളിക്കുളം എന്ന സ്ഥാപനത്തിൽ നിന്നും , HbAlc Analayser, Computer & UPS എന്നിവ റണ്ണിംഗ് കോൺട്രാക്കുള്ള കെ.എം. എസ്.സി ൽ നിന്നുമാണ് വാങ്ങുന്നതിന് സപ്ലൈ ഓർഡർ നൽകിയത്.

- ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ , ടെണ്ടറിൽ പങ്കെടുക്കുന്നതിനായി സെൻട്രൽ സർജിക്കൽസ് എന്ന സ്ഥാപനം അടവാക്കിയ സിറ്റി യൂണിയൻ ബാങ്കിന്റെ ഡെപ്പോസിറ്റ് രശീതിയുടെ ഒറിജിനൽ ആണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്.
- തദ്ദേശസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ ടെണ്ടർ ക്ഷണിക്കുമ്പോൾ ബ്രാന്റ് നെയിമുകൾ ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ നോട്ടീസിനൊപ്പമുള്ള ലിസ്റ്റിൽ റഫ്രിജറേറ്ററിന്റെ ബ്രാന്റ് നെയിം പ്രതിപാദിച്ചിട്ടുണ്ട്.

III. പി എച്ച് സി യിലേക്ക് കമ്പ്യൂട്ടർ, ടോക്കൺ മെഷീൻ, ഇൻവർട്ടർ, ഓക്സിജൻ സിലിണ്ടർ, അഗ്നി ശമന ഉപകരണങ്ങൾ എന്നിവ വാങ്ങൽ

പ്രോജക്ട് നം 156/18

ബിൽ നം 17/17-18/17.3.18 തുക 66918

ബിൽ നം. 1817-18/28.3.18 തുക 15250

പദ്ധതി പ്രകാരം പി.എച്ച്.സി.യിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ടെണ്ടർ, ക്വട്ടേഷൻ നടപടികളിലൂടെയാണ് വാങ്ങിയിരിക്കുന്നത്. കമ്പ്യൂട്ടർ, യു.പി.എസ്., അഗ്നി ശമന ഉപകരണം എന്നിവ കെ.എം.എസ്.സി.എൽ.-ൽ നിന്നും പ്രിന്റർ റോയൽ ഇൻഫോടെക്, കുന്ദംകുളം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്. എന്നാൽ മേൽ ഉപകരണങ്ങളൊന്നും തന്നെ സ്റ്റോക്കിലെടുത്തിട്ടില്ല.

IV. സമഗ്ര ആരോഗ്യ പരിപാടി

പ്രോജക്ട് നം 156/18

ബിൽ നം 21/17-18/28.3.18 തുക 27700

പദ്ധതിയിൽ വാഹനവാടക ഇനത്തിനാണ് പ്രധാനമായും ചെലവ് വന്നിരിക്കുന്നത്. എന്നാൽ ലഭ്യമാക്കിയ ടൂറിസ്റ്റ് ടാക്സി രശീതിയിൽ എത്ര കി.മി ഓടി, സ്ഥലം എന്നീ വിവരം ചേർക്കുന്നില്ല. 14.11.17 ന് രണ്ട് പരിപാടികൾക്കായി ഒരേ സമയം പോയതായി രേഖപ്പെടുത്തി , രണ്ട് തവണ തുക ചെലവഴിച്ചിട്ടുണ്ട്. അതായത് 14.11.17ഇമ്മ്യൂണൈസേഷന്റെ ഭാഗമായി വാഹനം ഓടിയതിന് വാടക ഇനത്തിൽ സതീശൻ എന്നയാൾ 700 രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഇതേ ദിവസം തന്നെ എം ആർ വാക്സിനേഷന് പോയതിന് 800 രൂപയും കൈപ്പറ്റിയിട്ടുണ്ട്. രണ്ടാമതായി അനുവദിച്ച 800 രൂപ ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.

V. പാലിയേറ്റീവ്

പ്രോജക്ട് നം 30/18

ബിൽ നം 9/17-18/22.2.18 തുക 276367

ബിൽ നം 5/17-18/10.1.18 തുക 181731

പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ.-ൽ നിന്നുള്ള പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറുന്നതിനാണ് മേൽ പ്രകാരം തുക ചെലവഴിച്ചത്. എന്നാൽ താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം വന്നിട്ടുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

1. 594/12.4.18 - 22070

2. 1155/23.4.18 – 5014

3. 1584/15.5.18 – 66621

പ്രോഫോർമ ഇൻവോയ്സ് 1467/20.10.17 പ്രകാരം കൈമാറിയ തുക 158491 രൂപയാണ് എന്നാൽ 167339 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. അധികമായി മരുന്നുകൾ ലഭിക്കുവാനുണ്ടായ സാഹചര്യം പരിശോധിക്കേണ്ടതും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രോഫോർമ ഇൻവോയ്സ് 2442/27.11.17 പ്രകാരം കൈമാറിയ തുക 246938 രൂപയും ലഭ്യമായ മരുന്ന് 242547 രൂപയുടേതുമാണ്. കുറവ് വന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

# 3-14 എച്ച്.എം. നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ

I. സ്കൂളുകൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ലാപ്ടോപ്പ്എന്നിവ വാങ്ങൽ

പ്രോജക്ട് നമ്പർ - 12/18

ബിൽ നമ്പർ - 3/17-18/25.1.18 തുക 235524

പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകൾക്ക് 6 പ്രിന്റർ, 2 കമ്പ്യൂട്ടർ, 3 ലാപ്ടോപ്പ് എന്നിവയാണ് വാങ്ങിയിരിക്കുന്നത്. ടെണ്ടർ നടപടികളിലൂടെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. പ്രിന്ററുകൾ Genits IT & AV Systems എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറും ലാപ്ടോപ്പും വിശ്വാസ് കമ്പ്യൂട്ടേഴ്സ്, കുന്ദംകുളം എന്ന സ്ഥാപനത്തിൽ നിന്നുമാണ്

വാങ്ങിയിരിക്കുന്നത്. 6 പ്രിന്ററുകൾ വാങ്ങിയതിൽ വിതരണ രജിസ്റ്റർ പ്രകാരം 5 എണ്ണം സ്കൂളുകൾക്കും 1 ഇതേ പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർക്കാണ് വാങ്ങി നൽകിയിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല.

വിശ്വാസ് കമ്പ്യൂട്ടേഴ്സിന്റെ ഡെപ്പോസിറ്റ് രശീതികളുടെ ( UCO Bank ) ഒറിജിനൽ ഫയലിൽ സൂക്ഷിച്ചതായി കാണുന്നു.

II. എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം

പ്രോജക്ട് നമ്പർ - 17/18
ബിൽ നമ്പർ - 5/17-18/24.1.18 തുക 862600

38 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി വിതരണം നടത്തിയതിനാണ് പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ടെണ്ടർ നടപടികളിലൂടെ MCCANN INFO SOLUTIONS, MUMBAI എന്ന സ്ഥാപനമാണ് ലാപ്ടോപ്പ് വിതരണം നടത്തിയിരിക്കുന്നത്.

1. രണ്ട് സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തത്. സ്ഥാപനങ്ങൾ പ്രിലിമിനറി എഗ്രിമെന്റ് വെച്ചിട്ടില്ല. ടെണ്ടർ ലഭിച്ച സ്ഥാപനം ഫൈനൽ എഗ്രിമെന്റും വെച്ചിട്ടില്ല.

2. ടെണ്ടർ ലഭിച്ച സ്ഥാപനത്തെ NSIC രജിസ്ട്രേഷൻ ഉള്ളതിനാൽ ഇ.എം.ഡി.-ൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

3. 38 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകിയത്. വിദ്യാർത്ഥികളാരും തന്നെ പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

III. എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ

പ്രോജക്ട് നമ്പർ - 35/18

ബിൽ നമ്പർ - 6/17-18/26.1.18 തുക 534310

സൈക്കിൾ വാങ്ങി വിതരണം നടത്തുന്നതിനായി ഇ ടെണ്ടർ ക്ഷണിച്ചതിൽ ആരും പങ്കെടുക്കാത്തതിനാൽ റീ ഇ ടെണ്ടർ ക്ഷണിച്ചതിൽ ഒരു സ്ഥാപനമാണ് പങ്കെടുത്തതും, ആ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. അയനിക്കൽ സൈക്കിൾസ്, ചാത്തന്നൂർ, കൊല്ലം എന്ന സ്ഥാപനത്തിനാണ് ടെണ്ടർ ലഭിച്ചത്. 56 പെൺകുട്ടികൾക്കും 63 ആണകുട്ടികൾക്കുമാണ് സൈക്കിൾ വിതരണം നടത്തിയിരിക്കുന്നത്. പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ ആനുകൂല്യം മുൻപ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം വിദ്യാർത്ഥികളാരും തന്നെ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-15 മത്സ്യബന്ധന പ്രൊജക്റ്റുകൾ

സബ് -ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് 2017-18-ൽ താഴെ പറയുന്ന രണ്ട് പ്രൊജക്റ്റുകളാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.

i)പ്രൊജക്റ്റ്നമ്പർ SO200/18, മത്സ്യത്തൊഴിലാളികൾക്ക് വല നൽകൽ

അടങ്കൽ- വികസനഫണ്ട്(പൊതുവിഭാഗം)54,000 +ഗുണഭോക്തൃവിഹിതം -54000/-

ചെലവ്-വികസനഫണ്ട്-6000/- + ഗുണഭോക്തൃവിഹിതം-6000/-

ii)പ്രൊജക്റ്റ്നമ്പർ –SO022/18, മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണീച്ചർ

അടങ്കൽ-വികസനഫണ്ട്(പൊതുവിഭാഗം)90,000

ചെലവ്-വികസനഫണ്ട്-22080/-

iii)പ്രൊജക്റ്റ് നം.SO199/18, മത്സ്യത്തൊഴിലാളി വനിതകൾക്ക് ഐസ് ബോക്സ്

അടങ്കൽ-വികസനഫണ്ട്(പൊതുവിഭാഗം)27,000 +ഗുണഭോക്തൃവിഹിതം-27,000/-

ചെലവ്-ഇല്ല. ഗുണഭോക്താക്കളിൽ ആരും ഗണഭോക്തൃവിഹിതം നിക്ഷേപിക്കാൻ തയ്യാറാകാത്തതിനാൽ പദ്ധതി നടപ്പായിട്ടില്ല. പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1.2017-18 വർഷത്തെ വാർഷികപദ്ധതി തയ്യാറാക്കൽ -മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവ് ജി.ഒ.(എം.എസ്) 72/17/ത.സ്വ.ഭ.വ./തിയതി 29.3.2017-ലെ ഖണ്ഡിക.3.1.(7) പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി മത്സ്യസഭകൾ സംഘടിപ്പിക്കേണ്ടതാണ്. കുറഞ്ഞത് 25 മത്സ്യത്തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ള വാർഡുകളിൽ ഗ്രാമസഭകൾക്ക് മുമ്പായി മത്സ്യസഭ നിർബന്ധമായും വിളിച്ച് ചേർക്കേണ്ടതാണ്. അപ്രകാരം മത്സ്യസഭകൾ സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, മിനിറ്റ്സ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

2)മത്സ്യസഭ നടത്തിയിട്ടുണ്ടെങ്കിൽ നടപ്പാക്കാനുദ്ദേശിച്ചിരുന്ന പദ്ധതികളെ സംബന്ധിച്ച ചർച്ച നടത്തിയിരുന്നോ എന്നു വ്യക്തമല്ല. ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും സഹകരണമില്ലാത്തതിനാൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് ഐസ് ബോക്സ് എന്ന പദ്ധതി ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ലെന്നു കാണുന്നു.

3)3.4.2017 സ.ഉ(എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ. ഖ.8.4, 23.5.17-ലെ ജി.ഒ.(ആർ.റ്റി) 1683/17 ഉത്തരവ് എന്നിവയിലെ നിർദ്ദേശാനുസരണം മത്സ്യബന്ധന വലയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ തീരുമാനിക്കണം. (യൂണിറ്റ് കോസ്റ്റ് കൂടിയ പരിധി 6000 രൂപ എന്നത് ഒഴിവാക്കി). അപ്രകാരം യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖ/ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്. മത്സ്യബന്ധന വല നൽകാവുന്നത് മൂന്നു വർഷത്തിൽ ഒരിക്കൽ മാത്രമാണ്. 2017–18-ൽ ആനുകൂല്യം കൈപ്പറ്റിയവർ മുൻവർഷങ്ങളിൽ ഗുണഭോക്താക്കളായിരുന്നോ എന്ന് ഉറപ്പു വരുത്തിയതായുള്ള രേഖകൾ ഫയലിനോടൊപ്പം ലഭ്യമല്ല.

# 3-16 ഇ.എം.എസ്. ലോൺ തിരിച്ചടവ്- പലിശ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അടവാക്കി

പുന്നയൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 14.12.17 തിയതിയിലെ കത്തു പ്രകാരം പഞ്ചായത്തിന്റെ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി വായ്പയിൽ 61172/- രൂപ പലിശയിനത്തിലും 5000/- രൂപ മുതൽ ഇനത്തിലും അടവാക്കാൻ ബാക്കി നിൽക്കുന്നുണ്ട്.

1.10.2013 മുതൽ 31.3.2014 വരെയുള്ള പലിശ=31985

1.7.2014 മുതൽ 31.3.2016 വരെയുള്ള പലിശ=28335

1.4.2016 മുതൽ 14.12.2017 വരെയുള്ള പലിശ=852, ആകെ=61172/- രൂപയാണ് പലിശയിനത്തിൽ

അടക്കാൻ ബാക്കിയുള്ളത്.

1.4.2014 മുതൽ 30.6.2014 വരെയുള്ള പലിശ=15905/- രൂപ ബാങ്കിന് ലഭിച്ചിട്ടുള്ളതായും കത്തിൽ പറയുന്നുണ്ട്.

പഞ്ചായത്ത് കമ്മറ്റിയുടെ 15.12.2017 തിയതിയിലെ 9-ാം നമ്പർ തീരുമാനപ്രകാരമാണ് സർക്കാരിൽ നിന്നും അടവാക്കേണ്ട പലിശ പഞ്ചായത്ത് അടവാക്കിയത്.

ചെവലിന്റെ വിവരം- വൗച്ചർ നം.57/16.12.2017 ₹5000

58/16.12.2017,₹61172

ടി പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൽ ലോണിന്റെ ഒന്നും രണ്ടും ഗഡുക്കൾ 28.11.2015-ൽ മുഴവനായും അടവാക്കി തീർന്നിട്ടുള്ളതാണെന്നും, പലിശ ആവശ്യപ്പെട്ടുകൊണ്ട് ബാങ്ക് മുൻപ് കത്തയച്ചിരുന്നതായും ആയതു പ്രകാരം പലിശ തുക തുച്ഛമായിരുന്നുവെന്നും പറഞ്ഞിട്ടുണ്ട്.

ഇ.എം.എസ്. ലോണിന്റെ പലിശയിനത്തിൽ അടവാക്കേണ്ട തുക സർക്കാരിൽ നിന്നും ലഭിക്കുമെന്നിരിക്കെ ആയത് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അടവാക്കിയതിന്റെ സാഹചര്യം വ്യക്തമാക്കാൻ താത്പര്യപ്പെടുന്നു. ₹61172 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ോ

# 3-17 ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ ട്രഷറിയിൽ നേരിട്ട് അടവാക്കി

2017-18 വർഷത്തിൽ താഴെ പറയും പ്രകാരം ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ ട്രഷറിയിൽ നേരിട്ട് അടവാക്കിയിട്ടുള്ളതായി കാണുന്നു.

| വൗച്ചർ നമ്പർ | തിയതി | തുക |
|---|---|---|
| 25 | 6.11.17 | 80207 |
| 27 | 4.1.18 | 12837 |
| 22 | 5.2.18 | 6504 |
| 48 | 6.3.18 | 6504 |

പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് അടവാക്കുന്നതിനുപകരം ട്രഷറിയിൽ 0071-01-101-97 എന്ന ഹെഡ്ഡിലേക്കാണ് അടവാക്കിയിട്ടുള്ളത്, ഇതേ ഹെഡ്ഡിൽ തന്നെയാണ് പഞ്ചായത്ത് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നത്. അപാകത സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരിഹാരനടപടികൾ സ്വീകരിച്ചു വരുന്നതായി പഞ്ചായത്ത് അധികൃതർ അറിയിച്ചു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

# 3-18 വനിത വ്യവസായ തൊഴിൽ കേന്ദ്രം - പ്രവർത്തനസജ്ജമാക്കിയിട്ടില്ല

പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 18-ാം വാർഡിൽ ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് കേരള വികസന പദ്ധതി 2002-03-ൽ ഉൾപ്പെടുത്തി ഒരു വനിത വ്യവസായ തൊഴിൽ കേന്ദ്രം പണി കഴിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ സ്ഥലത്ത് പണിതിട്ടുള്ള മേൽ കെട്ടിടം 15 വർഷം പിന്നിട്ടിട്ടും പഞ്ചായത്തിന് കൈമാറിയിട്ടില്ല. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നുള്ളതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കെട്ടിടം പണിയുന്നതിനായി സ്ഥലം ബ്ലോക്കിനു കൈമാറിയതും കരാർ വെച്ചതും സംബന്ധിച്ച വിവരങ്ങളും ലഭ്യമല്ല. 9.5.17-ലെ പട്ടിക ജാതി വികസന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ മേൽ കെട്ടിടം വൈദ്യുതീകരണം നടത്തി പ്രവർത്തനസജ്ജമാക്കുന്നതിന് നിർദ്ദേശം വെച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശത്തിന്മേൽ പഞ്ചായത്ത് കമ്മിറ്റി എന്ത് നടപടി സ്വീകരിച്ചു എന്നുള്ളതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നം. 29/3.11.18)

3.11.18-ന് ഓഡിറ്റിന്റെ ഭാഗമായി സ്ഥല പരിശോധന നടത്തിയതിൽ ടി കെട്ടിടം കാട് മൂടിക്കിടക്കുന്നതായും ബ്ലോക്ക് പഞ്ചായത്ത് തന്നെ വാങ്ങി സ്ഥാപിച്ചിട്ടുള്ള ധാന്യം പൊടിക്കുന്നതിനും മറ്റുമുള്ള ഉപകരണങ്ങൾ യാതൊരു സുരക്ഷയുമില്ലാതെ കിടക്കുന്നതായും കാണാൻ സാധിച്ചു.

എസ്.സി. വനിതകൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിട്ട് തുടങ്ങിവെച്ച പദ്ധതി ഇത്തരത്തിൽ നിഷ്ക്രിയമായതിന്റെ കാരണം കണ്ടെത്തി പ്രവർത്തനസജ്ജമാക്കുന്നതിന്റെ ആദ്യപടിയെന്ന നിലയ്ക്ക് ബ്ലോക്കിൽ നിന്നും പഞ്ചായത്തിന്റെ ആസ്തിയായി കൈമാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വൈദ്യുതീകരണം നടത്തി പ്രവർത്തനസജ്ജമാക്കേണ്ടതാണ്.

# 3-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

2017-18 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നിന്നും ലഭിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ - 2964

2. 2017-18 തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം- 1175

3. ആകെ മനുഷ്യ ദിനം - 60724, (സ്ത്രീ-57562, പുരുഷൻ-3162)

4. നൂറു ദിവസം തികച്ച കുടുംബങ്ങളുടെ എണ്ണം- 88
5. A.S കിട്ടിയ പ്രോജക്ടുകളുടെ എണ്ണം/അടങ്കൽ - 253835299/-
6. 2017-18 വർഷത്തെ മുൻ ബാക്കി – 3130.50

7. 2017-18 വർഷത്തെ ആകെ വരവ്- 20452856.50
8. 2017-18 വർഷത്തെ ആകെ ചെലവ് - 20452993.50
9. 2017-18 വർഷത്തെ വർഷാന്ത്യ നീക്കിയിരുപ്പ്- 2993.50
10. 2017-18 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം – 415

11. 2017-18 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം – 345
12. പദ്ധതി പ്രകാരം 2017-18 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം-ഇല്ല
13. പദ്ധതി പ്രകാരം 2017-18 വർഷത്തിൽ വിതരണം ചെയ്ത തൊഴിൽ വേതനത്തിന്റെ വിവരം- 15874622
14. പദ്ധതി പ്രകാരം 2017-18 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്ഥികളുടെ വിവരം- I HHL – 134, Digwell – 18, Compost pit – 14, Drain – 1.
15. സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരം- നടത്തിയിട്ടുണ്ട്

100 ദിവസത്തെ തൊഴിൽ 88 കുടുബത്തിന് മാത്രമാണ് ലഭിച്ചു കാണുന്നത്. ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതാണ്.

## 3-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല തുക തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ 21700328/07.08.17 പ്രകാരം മഴക്കാല പൂർവ ശുചീകരണത്തിന് വേണ്ടി വിവിധ വാർഡുകളിലെ ശുചിത്വ കമ്മിറ്റികൾക്ക് അനുവദിച്ചിട്ടുള്ള 107122 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം വൗച്ചറിൽ ചേർത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(13/2017-18)ക്ക് മറുപടി ലഭിച്ചിട്ടില്ലാത്തതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസികവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (28/18) | 262804 | 0 |
| “ | “ | 600000 | അനുപൂരക പോഷകാഹാര വിതരണം (29/18) | 600000 | 0 |

| | | | | | |
|---|---|---|---|---|---|
| “ | “ | 100000 | വികലാംഗർക്ക് സഹായ ഉപകരണങ്ങൾ നൽകൽ (202/18) | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | “ | 199500 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി. (107/18) | 199498 | 2 |
| “ | “ | 2100000 | നെൽ കൃഷി ജലസേചനത്തിന് പെട്ടിയും പറയും (110/18) | 2098980 | 1020 |
| “ | “ | 100000 | വികലാംഗർക്ക് സഹായ ഉപകരണങ്ങൾ നൽകൽ (202/18) | 100000 | 0 |
| “ | “ | 400000 | ശാരീരിക മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (28/18) | 400000 | 0 |

കുറിപ്പ് :- 1) പ്രോജക്ട് നമ്പർ 28/18 പ്രകാരമുള്ള പദ്ധതിക്കായി ലഭിച്ച തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചതായി കാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ 37,06,100/- രൂപ വരവുള്ളതായി RP 31-ൽ കാണിച്ചിരിക്കുന്നു. ഇതേ തുക 31-03-18-ലെ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ നീക്കിയിരിപ്പുണ്ട്. ഈ തുക ഏത് സംയുക്ത പദ്ധതിക്കു വേണ്ടി ലഭിച്ചതാണെന്ന വിവരം ലഭ്യമല്ല. കൂടാതെ B4 ഷെഡ്യൂളിൽ 407614/- രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത് ഏത് സംയുക്ത പദ്ധതിയുടെ നീക്കിയിരിപ്പാണെന്ന് വ്യക്തമല്ല.

3) 31-03-18-ലെ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് 4,60,000/- (160000+100000+200000) രൂപ യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പാണോ എന്ന കാര്യത്തിൽ വ്യക്തത ഇല്ല. ചെലവഴിക്കാൻ സാധ്യതയില്ലാത്ത ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി

തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റെൻഷനും ടാപ്പ് സ്ഥാപിക്കലും | 1/ 26-6-17 | 276559 | 276559 | 0 |
| കേരള വാട്ടർ അതോറിറ്റി | വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റെൻഷനും ടാപ്പ് സ്ഥാപിക്കലും | 40/-31-3-18 | 500000 | 0 | 500000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 26/ 19-3-18 | 1671515 | 0 | 1671515 |
| നിർമ്മിതി കേന്ദ്രം | അണ്ടത്തോട് കമ്മ്യൂണിറ്റി ഹാൾ കെട്ടിടം പൂർത്തീകരണം | 10/ 29-6-17 | 537800 | 537800 | 0 |
| കോസ്റ്റ് ഫോർഡ് | ശ്മശാനത്തിൽ ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | - | 100000 | 0 | 100000 |
| കോസ്റ്റ് ഫോർഡ് | പെരിയമ്പലം ബീച്ചിൽ ചിൽഡ്രൻസ് പാർക്ക് നിർമ്മാണവും ബീച്ച് നവീകരണവും | - | 267000 | 0 | 267000 |
| കോസ്റ്റ് ഫോർഡ് | പെരിയമ്പലം ബീച്ചിൽ ശുചിത്വ | - | 237629 | 237629 | 0 |

| | | | | | |
|---|---|---|---|---|---|
| | പ്രവർത്തനങ്ങൾ | | | | |
| കോസ്റ്റ് ഫോർഡ് | പെരിയമ്പലം ബീച്ചിൽ വയോജന വിശ്രമകേന്ദ്രം നിർമ്മിക്കൽ | - | 254000 | 254000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ | ലഭ്യമല്ല | 3327500 | 66302 | 5000 | 60302 | 0 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 5000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.<br><br>വിവരം ലഭ്യമല്ല. | |

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 4072/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശിതി നമ്പർ/തീയതി |
|---|---|---|---|---|
| 2016-17 | 2-2 | 3832 | ഡോ.ഹമീദ് ഖാലിദ് | 117060103048/ 22-11-2017 |
| 2016-17 | 2-2 | 240 | റോയൽ ക്ളിനിക്ക് ലാബ് | 117060102957/ 17-11-2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77214662 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73383647 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 79340 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,13,38,223 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-13 (iv) | ഇല്ല | 800 | ഡോ. റഷീദ്. എ.റ്റി. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-9 | ഇല്ല | 78540 | ശ്രീമതി.ശാന്ത.ടി.എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | ആകെ | 79340 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 14,66,789 | ₹470827/- സരസ്വതി.വി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| | | ₹995962/- ആര്യ.വി.ബി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7(i) | 2476901 | മിനി.കെ.ആർ., സെക്രട്ടറി |
| 3-7(ii) | 720700 | മിനി.കെ.ആർ., സെക്രട്ടറി |
| 3-7(iii) | 21,98,299 | 276559-സി.കെ.ബാലകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി |
| | | 19,21,740 – മിനി.കെ.ആർ., സെക്രട്ടറി |
| 3-10 | 1,17,000 | സി.കെ.ബാലകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 2793330 | 23,93,330-സി.കെ.ബാലകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി 4,00,000-ലിജി.ഇ.വി.,വി.ഇ.ഒ., അണ്ടത്തോട് |
| 3-14(ii) | 862600 | ശ്രീമതി. ഗിരിജ. ടി.എ., പ്രധാന അദ്ധ്യാപിക |
| 3-14(iii) | 534310 | ശ്രീമതി. ഗിരിജ. ടി.എ., പ്രധാന അദ്ധ്യാപിക |
| 3-16 | 61172 | ശ്രീമതി. മിനി. കെ.ആർ., സെക്രട്ടറി |
| 3-20 | 1,07,122 | ശ്രീമതി.മിനി.കെ.ആർ., സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 1,13,38,223 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. റഷീദ്.എ.ടി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., പുന്നായൂർക്കുളം | തെക്കരായിൽ വീട്, എടക്കഴിയൂർ പി.ഒ., തൃശ്ശൂർ ജില്ല |
| ശ്രീമതി.ശാന്ത.ടി.എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, പുന്നയൂർക്കുളം | തോപ്പിൽ ഹൗസ്, കുറുമാൽ (പി.ഒ.), വേലൂർ, തൃശ്ശൂർ ജില്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1970-71 | എൽ.എഫ്.ടി 272/75/ 15.04.75 |
| 85-86, 86-87 | എൽ.എഫ്.ടി12- 310/92/ 01.01.93 |
| 87-88 | എൽ.എഫ്.ടി12-1165/92/ 17.12.92 |
| 88-89,89-90, 90-91 | എൽ.എഫ്.ടി11- 275/94/ 30.09.94 |
| 91-92 | എൽ.എഫ്.ടി11- 962/93 / 26.02.94 |
| 92-93, 93-94 | എൽ.എഫ്.ടി11-775/95/ 10.06.96 |
| 94-95, 95-96 | എൽ.എഫ്.ടി17-1764/99/ 30.03.00 |
| 96-97 | എൽ.എഫ്.ടി17-321/97/ 02.11.99 |

| | |
|---|---|
| 97-98 | എൽ.എഫ്.ടി17-340/99/ 04.05.99 |
| 98-99 | എൽ.എഫ്.ടി17-1713/00/ 06.02.01 |
| 99-00 | എൽ.എഫ്.ടി13-907/02/ 160.5.03 |
| 00-01, 01-02 (പ്ലാൻ) | എൽ.എഫ്.ടി13-1399/03/ 06.04.04 |
| 00-01, 01-02 (പ്ലാൻ ഒഴികെ) | എൽ.എഫ്.ടി13-1810/04/ 27.09.05 |
| 02-03 | എൽ.എഫ്.ടി13-739/05/ 17.01.06 |
| 03-04 | എൽ.എഫ്.ടി13-1268/08/ 14.12.09 |
| 04-05 | എൽ.എഫ്.ടി13-1269/08/ 14.12.09 |
| 05-06 | എൽ.എഫ്.ടി13-396/10/0 8.11.10 |
| 06-07 | എൽ.എഫ്.ടി13-397/10/ 16.11.10/27.05.11 |
| 07-08 | എൽ.എഫ്.ടി.പി.1-655/11/ 30.9.11/8.12.11 |
| 08-09 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 |
| 09-10 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 |
| 10-11 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 |
| 11-12 | എൽ.എഫ്.ടി.പി.4-744/13/ 23.8.13 |
| 12-13 | എൽ.എഫ്.ടി.പി8-253/14/ 20.08.14/29.10.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി8)-26/16/ 130.1.16/8.03.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി8)937/16 / 13.06.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി8)1845/16 / 27.10.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1515/17 /14-1-2017 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ